**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3368 | 12.12.2014-ൽ മറുപടിയ്ക്ക്

നഗരസഭകൾ രൂപീകരിക്കാൻ തീരുമാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>(ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| എ) | ഗ്രാമപഞ്ചായത്തുകളെ കൂട്ടിച്ചേർത്ത് പുതിയ നഗരസഭകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) | ഉണ്ട്. |
| ബി) | ഉണ്ടെങ്കിൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളെ കൂട്ടിച്ചേർത്താണ് നഗരസഭകൾ രൂപീകരിക്കുക എന്ന് വ്യക്തമാക്കുമോ; | ബി) | ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. |
| സി) | പുതിയ നഗരസഭകൾ രൂപീകരിക്കുന്നതിന്റെ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ? | സി) | 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 4(2)(എഫ്) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിനെ ടൗൺ പഞ്ചായത്തായോ മുനിസിപ്പൽ കൗൺസിലായോ പരിവർത്തനം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഇപ്രകാരം, സംസ്ഥാനത്തെ നഗരസ്വഭാവം ആർജിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റിയാക്കാവുന്നതും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയോട് ചേർന്ന് കിടക്കുന്ന ഗ്രാമപഞ്ചായത്തുകളെ അവയോട് കൂട്ടിച്ചേർക്കാവുന്നതുമാണ്. ഭരണഘടനയുടെ 243 ക്യൂ അനുഛേദം (2) ഖണ്ഡപ്രകാരം ഒരു സ്ഥലത്തിന്റെ ജനസംഖ്യ, ജനസാന്ദ്രത, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള വരുമാനം, കാർഷികേതര മേഖലയിലുള്ള തൊഴിൽ ശതമാനം, സാമ്പത്തിക പ്രാധാന്യമുള്ള ഘടകങ്ങൾ എന്നിവയാണ് മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം. |

സെക്ഷൻ ഓഫീസർ